(വയനാട് ജില്ലയിൽ കൈത്തറി സഹകരണ സംഘങ്ങൾ ഇല്ല).

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൊടുത്തുതീർക്കുന്നതാണ്.

(ഡി) ഉണ്ട്. അതുകൊണ്ടാണ് 1998-99 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതലായി 5 കോടിയിൽപ്പരം രൂപകൂടി വിതരണം ചെയ്തത്.

**21 (*328) വില്ലേജ് അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം**

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ ഭരണകാലയളവിൽ മാറ്റങ്ങൾ വരുത്തുവാൻ നിയമപരമായി കഴിയാത്തതിനാൽ അടുത്ത തെരഞ്ഞെടുപ്പ് മുതൽ നടപ്പിലാക്കാവുന്ന രീതിയിൽ വില്ലേജ് അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) വേങ്ങര, മൂന്നാർ തുടങ്ങിയ നൂറോളം ഗ്രാമപഞ്ചായത്തുകൾ വൻ വിസ്തൃതിമൂലം ഭരണപരമായ പ്രയാസങ്ങൾ അനുഭവിക്കുന്നത് കണക്കിലെടുത്ത് വില്ലേജടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുവാൻ നടപടികൾ ഊർജ്ജിതപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ)&(ബി) വില്ലേജ് അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**22 (*329) വോട്ടർപട്ടിക പുതുക്കൽ**

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ത്രിതല പഞ്ചായത്തുകളിലെ ഭരണസമിതികളുടെ കാലാവധി തീരുന്നതിനുമുൻപ് വോട്ടർപട്ടിക പുതുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വാർഡുകൾ പുനർനിർണ്ണയം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള വാർഡുകളുടെ രൂപീകരണത്തിലും റിസർവേഷൻ വാർഡുകൾ നിശ്ചയിച്ചതിലും നിരവധി ക്രമക്കേടുകൾ സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം ക്രമക്കേടുകൾ വരാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) വാർഡ് വിഭജനത്തിന് ഒരു വാർഡിൽ ഉണ്ടാകാവുന്ന പരമാവധി വോട്ടർമാർ എത്രയാണെന്നും ഒരു ഗ്രാമപഞ്ചായത്തിൽ പരമാവധി വാർഡുകൾ എത്രയാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)നിലവിലുള്ള റിസർവേഷൻ വാർഡുകളിൽ മാറ്റംവരുത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ജി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണ നേതൃത്വത്തിലും ഇപ്പോഴത്തെ റിസർവേഷനിലും മാറ്റം വരുത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) 1.1.2000 യോഗ്യത തീയതിയായി കണക്കാക്കിയാണ് പൊതു തെരഞ്ഞെടുപ്പിന് മുൻപായി വോട്ടർപട്ടിക പുതുക്കേണ്ടത്. അതിൽ ഇപ്പോൾത്തന്നെ നടപടി സ്വീകരിക്കേണ്ടതില്ല എന്നാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചിരിക്കുന്നത്.

(ബി) നടപടി ആരംഭിച്ചിട്ടില്ല.

(സി) 1995 സെപ്റ്റംബറിൽ ആണ് കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പ് നടന്നത്. വാർഡുകൾ വിഭജനം സംബന്ധിച്ചും റിസർവേഷൻ വാർഡുകൾ നിശ്ചയിച്ചതു സംബന്ധിച്ചും ക്രമക്കേടുകൾ ഉള്ളതായി അദാലത്ത് പരാതികൾ ഉണ്ടാക്കിയിട്ടുണ്ട്.

(ഡി) 1999-ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി നിയമപ്രകാരം വാർഡുവിഭജനവും റിസർവേഷൻ വാർഡ് നിശ്ചയിക്കലും സംബന്ധിച്ചുള്ള ചുമതല സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷനിൽ നിക്ഷിപ്തമാണ്.

(ഇ) 1999-ലെ പഞ്ചായത്ത്രാജ് ഭേദഗതി നിയമപ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ പരമാവധി 20 വാർഡുകൾവരെയാകാം. പരമാവധി ഒരു വാർഡിൽ എത്ര വോട്ടർമാർ ആകണമെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടില്ല.

(എഫ്)&(ജി) സംവരണ വാർഡുകളും സംവരണം ചെയ്യപ്പെട്ട അദ്ധ്യക്ഷ സ്ഥാനങ്ങളും ഓരോ പൊതു തെരഞ്ഞെടുപ്പിലും റൊട്ടേഷൻ അടിസ്ഥാനത്തിൽ മാറ്റി നിശ്ചയിക്കേണ്ടതാണ്. അതുകൊണ്ട് അടുത്ത പൊതു തെരഞ്ഞെടുപ്പിനെ നിലവിലുള്ള സംവരണ വാർഡുകളും അദ്ധ്യക്ഷ സ്ഥാനങ്ങളും മാറ്റി നിശ്ചയിക്കേണ്ടതുള്ളൂ. 1999-ലെ നിയമഭേദഗതി പ്രകാരം ഇതിനുള്ള നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷൻ ആണ്.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1720) വ്യവസായ വികസനം

ശ്രീ പി ഗോവിന്ദൻ :
ശ്രീ ടി കെ. നൗഷാദ് :
ശ്രീ സെബാസ്റ്റ്യൻ പോൾ :
ശ്രീ പിറ്റുർകോട് മുരളി :
ശ്രീ കടന്നപ്പിള്ളി രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക വിദ്യ, ഉപദേശം, പരി

LIBRARY ARCHIVES Kerala Legislative Assembly